ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർവ്വകലാശാലാ നിയമത്തിൽ മാറ്റം വരുത്തുന്ന കാര്യം ഗവൺമെൻറ് ആലോചിക്കുന്നതാണ്. സർവ്വകലാശാലകൾ ഉത്തരം പറയേണ്ട ചോദ്യമാണ്. ചോദിച്ചതുകൊണ്ട് പറഞ്ഞെന്നുള്ളതേയുള്ളു.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: യൂണിവേഴ്സിറ്റി എക്സാമിനേഷൻറെ ആൻസർ പേപ്പർ വാല്യൂചെയ്യുന്ന അദ്ധ്യാപകൻ മനഃപൂർവ്വമായി കാലതാമസം ഉണ്ടാക്കുകയാണെന്നും അവർക്ക് കിട്ടുന്ന പ്രതിഫലത്തിന് മാത്രമാണ് അവർ ആൻസർ വാല്യൂ ചെയ്യുന്നതെന്നും അതുകൊണ്ടാണ് അവർ മനഃപൂർവ്വമായി കാലതാമസം വരുത്തുന്നതെന്നും ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നമ്മുടെ അദ്ധ്യാപകൻമാർ അത്ര ഉത്തരവാദിത്വശൂന്യരാണെന്ന് ഗവൺമെൻറ് കരുതുന്നില്ല.

കുഞ്ഞിക്കോയ കമ്മീഷൻ റിപ്പോർട്ട്

*451 [475] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കുകളുടെയും വില്ലേജുകളുടെയും അതിർത്തികൾ പുനർനിർണ്ണയം ചെയ്യേണ്ടതാണെന്ന് കുഞ്ഞിക്കോയ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) കമ്മീഷൻ മറ്റ് ഏതെല്ലാം കാര്യങ്ങളിലാണ് ശുപാർശകൾ സമർപ്പിച്ചിട്ടുള്ളത്;

(സി) കമ്മീഷൻ റിപ്പോർട്ട് പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഇല്ല.

(ബി) കൂടുതൽ വില്ലേജ് ഉദ്യോഗസ്ഥൻമാരെ നിയമിക്കേണ്ട ആവശ്യമുണ്ടോ എന്ന് തീരുമാനിക്കുന്നതിന് ഇവരുടെ അദ്ധ്വാനഭാരത്തെ സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ റവന്യൂബോർഡിനോട് അഭ്യർത്ഥിച്ചിരുന്നു. അതനുസരിച്ചുള്ള റവന്യൂബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ വില്ലേജുഭരണം കാര്യക്ഷമമാക്കാനുള്ള ശുപാർശകളാണുള്ളത്.

(സി) റിപ്പോർട്ട് സർക്കാരിൻെറ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: കുഞ്ഞിക്കോയ കമ്മീഷൻെറ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഏതെല്ലാം കാര്യങ്ങളാണ് സമർപ്പിച്ചിട്ടുള്ളത് എന്നുള്ള കാര്യം വിശദീകരിക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: കുഞ്ഞിക്കോയ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിൻെറ പരിഗണനയിലിരിക്കുകയാണ് എന്ന് ഉത്തരം പറഞ്ഞു. ഇതു സംബന്ധിച്ച് ഗവൺമെൻറ് റവന്യൂബോർഡിൻെറ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ആ അഭിപ്രായങ്ങൾ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള താലൂക്കുകളും വില്ലേജുകളും അടിയന്തിരമായി ജനസംഖ്യാടിസ്ഥാനത്തിലും വിസ്തൃതിയുടെ അടിസ്ഥാനത്തിലും പുനർനിർണ്ണയം ചെയ്യാൻ ആവശ്യമായ നടപടി എടുക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: വില്ലേജുകളുടെയും താലൂക്കുകളുടെയും പുനർനിർണ്ണയാവശ്യം പരിഗണിക്കുന്നതിനുവേണ്ടി പുതിയൊരു കമ്മീഷനെ നിയമിച്ചിട്ടില്ല. കുഞ്ഞിക്കോയ കമ്മീഷനെന്നു പറഞ്ഞതു തന്നെ ശരിയായ വസ്തുതയല്ല. വില്ലേജ് ഓഫീസർമാരുടെ സേവന വ്യവസ്ഥ പരിഗണിച്ച്, അവരുടെ അദ്ധ്വാനഭാരം പരിഗണിച്ച്, കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്ന വസ്തുതയെക്കുറിച്ച് പരിഗണിക്കുന്നതിന് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂബോർഡ് ചുമതലപ്പെടുത്തിയതനുസരിച്ച് റവന്യൂബോർഡ് സെക്രട്ടറി ഒരു റിപ്പോർട്ട് ഗവൺമെൻറിനു സമർപ്പിച്ചതാണ്.

ശ്രീ. എം. വി. രാഘവൻ: വില്ലേജുഭരണം കാര്യക്ഷമമാക്കുന്നതിനുള്ള റിപ്പോർട്ടാണ് കുഞ്ഞിക്കോയ സമർപ്പിച്ചതെന്നു പറഞ്ഞു. അങ്ങനെ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയാണെങ്കിൽ നിലവിലുള്ള പഞ്ചായത്തുകൾക്ക് വില്ലേജ് ഓഫീസർമാരേയും അതുപോലുള്ള സ്റ്റാഫിനേയും വിട്ടുകൊടുത്തുകൊണ്ട് പഞ്ചായത്തുകളുടെ കീഴിൽ അതിന്റെ അഡ്മിനിസ്ട്രേഷൻ നടത്തുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഈ റിപ്പോർട്ടിനകത്ത് വില്ലേജ് ഓഫീസുകളിൽ ഫർണിച്ചറുകൾ ഇല്ലെന്നുള്ളതിനെപ്പറ്റിയും വില്ലേജ് ഓഫീസർമാരുടെയും വില്ലേജ് അസിസ്റ്റൻറുമാരുടെയും വില്ലേജ്മാൻമാരുടെയും എണ്ണത്തിൽ കുറവായതിനെപ്പറ്റിയും അവരുടെ അദ്ധ്വാനഭാരം കണക്കിലെടുത്തുകൊണ്ട് ചില തസ്തികകൾ കൂട്ടുന്നതിനെപ്പറ്റിയും ചില തസ്തികകൾ കുറയ്ക്കുന്നതിനെപ്പറ്റിയുമാണ് പ്രതിപാദിച്ചിട്ടുള്ളത്. പഞ്ചായത്തുകളും വില്ലേജ് ഓഫീസുകളും മറ്റും കോ-ടെർമിനസ് ആക്കുന്ന കാര്യത്തെപ്പറ്റി പരിഗണിച്ച് ഇതിനകത്ത് നിർദ്ദേശങ്ങൾ കൊടുത്തിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 100 വർഷങ്ങൾക്കു മുമ്പ് രൂപീകരിച്ച താലൂക്കുകളാണ് ഇപ്പോൾ ഉള്ളത്. ജില്ലകൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. പല ജില്ലകളേക്കാളും കൂടുതൽ ജനസംഖ്യയുള്ള താലൂക്കുകൾ ഉണ്ട്. കേരളത്തിലുള്ള പല താലൂക്കുകളിലും ജനസംഖ്യ ഇന്ന് പല ജില്ലകളിലും ഉള്ളതിനേക്കാൾ കൂടുതൽ ഉണ്ടെന്നുള്ളത് പരിഗണിച്ച് അങ്ങനെയുള്ള താലൂക്കുകൾ ജനസംഖ്യയുടെയും വിസ്തൃതിയുടെയും അടിസ്ഥാനത്തിൽ വിഭജിക്കപ്പെടുന്നതിന് നടപടി എടുക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അതിനെപ്പറ്റി ഞാൻ ആദ്യമേ സൂചിപ്പിച്ചു. കുഞ്ഞിക്കോയ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജുകളുടെയോ താലൂക്കുകളുടെയോ പുനർനിർണ്ണയത്തെപ്പറ്റി പറഞ്ഞിട്ടില്ല. അത് മറ്റു രീതിയിൽ പരിഗണിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: മലബാർ പ്രദേശങ്ങളിലും തെക്കൻ കേരളത്തിലുമുള്ള പഞ്ചായത്തുകളിലുള്ള വില്ലേജുകളുടെ എണ്ണവും താലൂക്കുകളിലുള്ള പഞ്ചായത്തുകളുടെ എണ്ണവും തമ്മിൽ ഭീമമായ വ്യത്യാസം ഉള്ളതുകൊണ്ട് അത് പരിഹരിച്ച് പുനർനിർണ്ണയം ചെയ്യുന്നതിന് വല്ല നടപടിയും എടുക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അതു ഞാൻ പറഞ്ഞു കഴിഞ്ഞു.

ശ്രീ. ആര്യാടൻ മുഹമ്മദ്: കുഞ്ഞിക്കോയ കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ച് എത്ര തസ്തികകൾ ഉണ്ടാകും; ഈ റിപ്പോർട്ട് നടപ്പിലാക്കുകയാണെങ്കിൽ എത്ര സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: വിശദമായി പരിശോധിച്ചിട്ടില്ല. ഇപ്പോഴുള്ള വില്ലേജ് ഓഫീസർമാരുടെയും വില്ലേജ് അസിസ്റ്റന്റുമാരുടെയും വില്ലേജ്മാൻമാരുടെയും എണ്ണം വളരെ വർദ്ധിപ്പിക്കാൻ നിർദ്ദേശം ഉണ്ട്. അതോടൊപ്പം ചില തസ്തികകൾ നിറുത്തൽ ചെയ്യുന്നതിനും നിർദ്ദേശമുണ്ട്.

ശ്രീ. സേവ്യർ അറയ്ക്കൽ: വില്ലേജ് ഓഫീസർമാരും മറ്റും അവർക്ക് ഓഫീസിൽ ഫർണിച്ചർ കുറവാണെന്ന് പറഞ്ഞുകൊണ്ട് നിവേദനം നടത്തിയതിനെപ്പറ്റി ഈ കമ്മീഷൻ പരിഗണിക്കുകയോ അതിനു വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: വില്ലേജ് ഉദ്യോഗസ്ഥൻമാരുടെ അസോസിയേഷൻ സമർപ്പിച്ച നിവേദനം പരിശോധിച്ചതിനുശേഷം ആണ് ഈ റിപ്പോർട്ട് കുഞ്ഞിക്കോയ സമർപ്പിച്ചിട്ടുള്ളത്. കുഞ്ഞിക്കോയയെ നിയമിക്കുന്നതിനുമുമ്പ് വില്ലേജ് ഉദ്യോഗസ്ഥൻമാരുടെ അസോസിയേഷനുകളുടെ പ്രതിനിധികളുമായും ജനറൽ സെക്രട്ടറിയുമായും ചർച്ചകൾ നടത്തുകയും ചെയ്തു.

ശ്രീ. എ. വി. താമരാക്ഷൻ: കുഞ്ഞിക്കോയ കമ്മീഷൻ താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്നതിന് ശുപാർശ സമർപ്പിച്ചിട്ടില്ലെന്നു പറഞ്ഞു. താലൂക്കുകളും വില്ലേജുകളും പുനർനിർണ്ണയം ചെയ്യുന്നതിനെപ്പറ്റി ഗവൺമെന്റ് കാര്യമായി ആലോചിച്ചിട്ടുണ്ടോ; അതിനു വേണ്ടി ഏതെങ്കിലും കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, അതിനെപ്പറ്റിയുള്ള ഗവൺമെന്റിന്റെ നിലപാട് എന്താണ്?

ശ്രീ. കെ. പങ്കജാക്ഷൻ: ഏതാനും ദിവസങ്ങൾക്കുമുമ്പ് ഇതു സംബന്ധിച്ച് വിശദമായ മറുപടി റവന്യൂമന്ത്രി പറഞ്ഞുകഴിഞ്ഞതാണ്.

ശ്രീ. പി. ബി. ആർ. പിള്ള: നമ്മുടെ രാജ്യത്ത് പല ഡിപ്പാർട്ടുമെന്റുകളെയും അപേക്ഷിച്ച് റവന്യൂഡിപ്പാർട്ടുമെന്റിൽ ഏറ്റവും കൂടുതൽ ജോലി ഉണ്ടെന്നുള്ളതുകൊണ്ട് ഈ ജോലിഭാരം ഒന്ന് ലഘൂകരിക്കുന്നതിന് ഉതകുന്ന വകുപ്പുകൾ ഈ കുഞ്ഞിക്കോയാ കമ്മീഷൻ റിപ്പോർട്ടിൽ ഉണ്ടെങ്കിൽ അത് എത്രയും വേഗം ഇംപ്ലിമെന്റ ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: റവന്യൂ വകുപ്പിൽ മാത്രമാണ് അദ്ധ്വാന ഭാരം കൂടുതൽ ഉള്ളതെന്ന അഭിപ്രായത്തോട് യോജിക്കുന്നില്ല. ഓരോ വകുപ്പും പ്രത്യേകം എടുക്കുമ്പോൾ അവിടെയെല്ലാം അദ്ധ്വാനഭാരമുണ്ടെന്നുള്ള കാര്യം നമ്മളെല്ലാവരും വളരെ ആവേശത്തോടുകൂടി പറയുന്നുണ്ട്. റവന്യൂവകുപ്പിൽ വില്ലേജ് ഉദ്യോഗസ്ഥൻമാർക്ക് അദ്ധ്വാന ഭാരം കൂടുതൽ ഉണ്ടെങ്കിൽ അത് എത്രമാത്രം പരിഹരിക്കാൻ സാധിക്കും, എങ്ങനെ പരിഹരിക്കാൻ സാധിക്കും എന്നുള്ള കാര്യത്തിൽ നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങളും ഗവൺമെൻറിന്റെ പരിഗണനയിലാണ്. റവന്യൂബോർഡിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. അഭിപ്രായം വ്യക്തമാക്കി കഴിഞ്ഞതിനു ശേഷം ആവശ്യമായ പരിഗണന നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. എസ് തോമസ്: കഴിഞ്ഞ ഒരു കൊല്ലത്തിനു മുമ്പാണ് പത്തു മുപ്പത്തേഴ് ദിവസം വില്ലേജ് ജീവനക്കാർ മൊത്തം പണിമുടക്ക് നടത്തിയത്. അതിനെത്തുടർന്ന് മന്ത്രി നൽകിയ ഉറപ്പ് അനുസരിച്ചാണ് അവരുടെ പ്രശ്നങ്ങളും പരിഹരിക്കുവാൻവേണ്ടി കുഞ്ഞിക്കോയയെ കമ്മീഷനായി വച്ചത് എന്നാണ് പത്രവാർത്ത. അപ്പോൾ കുഞ്ഞിക്കോയ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് എന്തെല്ലാം പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു, ഇനി എന്തെല്ലാം പ്രശ്നങ്ങളും ബാക്കിയുണ്ട് എന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: കഴിഞ്ഞ ഒരു വർഷത്തിനുമുമ്പാണ് ഇത്തരം ഒരു കമ്മീഷനെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി നിയോഗിച്ചത്. ഒരു വർഷത്തിനിടയിൽ റിപ്പോർട്ട് ലഭ്യമായി എന്നത് ഒരു പ്രത്യേക പരിഗണന അർഹിക്കുന്ന കാര്യമാണ്. റിപ്പോർട്ട് സമർപ്പിക്കുന്നതിന് 1978 ജനുവരിയിൽ നിയോഗിക്കുകയും 1978 ഡിസംബറിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതേപ്പറ്റി റവന്യൂ ബോർഡിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ ഉടനെ തന്നെ ഗവൺമെൻറ് പരിശോധിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: വില്ലേജുകളുടെയും താലൂക്കുകളുടെയും പുനർനിർണ്ണയത്തിനുവേണ്ടിയല്ല കുഞ്ഞിക്കോയയെ ഏർപ്പെടുത്തിയത് എന്നു പറഞ്ഞു. അപ്പോൾ കുഞ്ഞിക്കോയ കമ്മീഷൻ റിപ്പോർട്ട് ചെയ്തത് എന്താണ്, അത് പ്രസിദ്ധീകരിക്കുവാൻ ഭയവുണ്ടാകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണമോ വേണ്ടയോ എന്ന് തീരുമാനിക്കാറായിട്ടില്ല. നിർദ്ദേശങ്ങളും കഴിഞ്ഞ ഡിസംബറിലാണ് സമർപ്പിച്ചത്. അതേപ്പറ്റി റവന്യൂബോർഡിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. അത് പരിശോധിച്ചതിനുശേഷം മാത്രമേ തീരുമാനമെടുക്കുകയുള്ളു. വില്ലേജുകളുടെയും താലൂക്കുകളുടെയും പുനർനിർണ്ണയത്തെപ്പറ്റി ഇതിനകത്ത് ഉൾക്കൊള്ളുന്നില്ലെന്നുള്ളത് സംശയമില്ലാതെ വ്യക്തമാക്കിയതാണ്.

ശ്രീ. സി. എ. കുര്യൻ: ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വില്ലേജ് ആഫീസർമാരേയും വില്ലേജ് അസിസ്റ്റൻറുമാരേയും നിയമിക്കേണ്ടിവരുമെന്നു പറയുകയുണ്ടായി. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പി. എസ്. സി. വില്ലേജ് ആഫീസർമാരുടെയും വില്ലേജ് അസിസ്റ്റന്റുമാരുടെയും ലിസ്റ്റ് തയ്യാറാക്കി പബ്ലിഷ് ചെയ്തിട്ടുണ്ട്. ആ ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പുതന്നെ അവസാനതീരുമാനമെടുത്ത് ആ ലിസ്റ്റിൽനിന്നും പി. എസ്.സി. മുഖേന ആളുകളെ നിയമിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അത് ശരിയായ ഒരു നടപടിക്രമം അല്ല. ലിസ്റ്റ് പ്രത്യേക കാലാവധിവച്ച് ഉണ്ടാക്കുന്നതാണ്. എന്നാൽ ഈ ലിസ്റ്റിലുള്ള ആളുകൾ ഇല്ലാതെ പോകുന്നില്ല. പിന്നെ പുതിയ ആളുകൾ ഉണ്ടാകാതിരിക്കുകയും ചെയ്യുന്നില്ല. ഈ പറഞ്ഞരീതിയിലാണെങ്കിൽ പി. എസ്. സി. യുടെ പ്രവർത്തനം നിറുത്തിവയ്ക്കേണ്ടതായി വരും. സ്തംഭനം ഉണ്ടാകാതിരിക്കുവാൻ ഈ നിർദ്ദേശം സ്വീകരിക്കുവാൻ സാദ്ധ്യമല്ല.

ശ്രീ. വി. സി. ജോസഫ്: വില്ലേജ് ആഫീസുകളിലുള്ള മേശകളും കസേരകളും ഷെൽഫുകളും അനാരോഗ്യംമൂലം മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. അതിന് മതിയായ പണം സമാഹരിക്കുന്നതിനുവേണ്ടി ഒരു ലോട്ടറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഇത് നല്ല ഒരു അഭിപ്രായമാണ്.

ശ്രീ. എ. എ. റഹീം: കുഞ്ഞിക്കോയ കമ്മീഷനെ നിയോഗിച്ചത് തന്നെ വില്ലേജ് ആഫീസർമാരുടെ പരാതിയുടെയും സമരത്തിന്റെയും അടിസ്ഥാനത്തിൽ ആണെന്നു പറയുകയാണ്. അവരുടെ പരാതികളുടെ അടിസ്ഥാനത്തിൽ അതിന് എന്തെങ്കിലും മാറ്റങ്ങളുണ്ടാക്കുവാൻ സഹായകരമായ വ്യവസ്ഥ ഈ റിപ്പോർട്ടിൽ ഉണ്ടോ, ഉണ്ടെങ്കിൽ അത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ അടുത്തകാലത്ത് നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: വില്ലേജ് ഉദ്യോഗസ്ഥൻമാരുടെ തസ്തികയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശമുണ്ട്. പിന്നെ വില്ലേജ് ആഫീസുകൾക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റും നൽകുന്നതിനും നിർദ്ദേശമുണ്ട്. അതുപോലെതന്നെ ആവശ്യമില്ലാത്ത ചില തസ്തികകൾ നിറുത്തൽ ചെയ്യാനും നിർദ്ദേശമുണ്ട്. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഏതാണ്ട് ഒരു കോടിയിൽ ചിലപ്പോൾ രൂപയുടെ സാമ്പത്തികബാദ്ധ്യത ഉണ്ടാകുമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. സാമ്പത്തികബാദ്ധ്യത പരിഗണിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. സുന്ദരേശൻ നായർ: വില്ലേജ് സ്റ്റാഫിന്റെ നീണ്ട സമരത്തിനുശേഷമാണ് ഇങ്ങനെ ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുവേണ്ട ഏർപ്പാടുണ്ടായത്. ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ അടുത്ത ദിവസം വില്ലേജ് സ്റ്റാഫ് സൂചനാസത്യാഗ്രഹം നടത്തുകയുണ്ടായി, അവർ ഇനിയും സമരം ചെയ്യുന്നതിനുമുമ്പായി ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കുവാൻ ഉള്ള ആത്മാർത്ഥമായ ശ്രമം ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: ഗവൺമെൻറിൻെറ ആത്മാർത്ഥതയുടെ കാര്യത്തിൽ സംശയം വേണ്ട. സമരം ചെയ്യാനും ചെയ്യാതിരിക്കുവാനും തീരുമാനിക്കേണ്ടത് ഗവൺമെൻറ് അല്ല, സർവ്വീസ് സംഘടനകളാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ഇതിനുവേണ്ടി ഏതാണ്ട് ഒരു കോടി രൂപയുടെ സാമ്പത്തികബാദ്ധ്യത വരുമെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇത്രയും സാമ്പത്തികബാദ്ധ്യത വരുന്ന ഒരു കാര്യമായതുകൊണ്ട് ആ റിപ്പോർട്ട് ഈ നിയമസഭയുടെ മുമ്പിൽവച്ച് ചർച്ച ചെയ്ത് അതിൻെറ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അതിനെക്കുറിച്ചു പരിശോധിച്ചശേഷം മാത്രമേ ഒരു തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളു.

സയൻസ് ആൻറ് ടെക്നോളജിക്കൽ മ്യൂസിയം

*452 [476] ശ്രീ. വി. കെ. രാജൻ:

,, ഇ. കെ. പിള്ള:

,, എം. കെ. കേശവൻ:

,, പി. ശങ്കർ:

,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു സയൻസ് ആൻറ് ടെക്നോളജിക്കൽ മ്യൂസിയം ഉണ്ടാക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി;

(ബി) പ്രോജക്ടിൻെറ സംവിധാനത്തിനും പരിശീലനത്തിനുമായി ആരെയെങ്കിലും നിയമിച്ചിരുന്നോ;

(സി) അദ്ദേഹം, പഠനത്തിനുശേഷം ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ എന്തു നടപടികൾ സ്വീകരിച്ചു;

(ഇ) സ്പെഷ്യൽ ഓഫീസറെ നിയമിക്കുവാൻ തീരുമാനിച്ചിരുന്നോ;

(എഫ്) ഇപ്പോൾ സയൻസ് ആൻറ് ടെക്നോളജിക്കൽ മ്യൂസിയം പ്ലാനിംഗ് ബോർഡിൻെറ കീഴിലാക്കിയിട്ടുണ്ടോ;

(ജി) ഇതിന് ഏതെങ്കിലും ഉത്തരവ് ഗവൺമെൻറ് പാസ്സാക്കിയിരുന്നെങ്കിൽ എന്നാണ്?

LIBRARY ARCHIVES Kerala Legislative Assembly